മെഡിയേറ്റഡ് ഫീഡർ ഒഴികെയുള്ള എല്ലാ ഫീഡറിൽ നിന്നും വളരെയധികം ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം ചെയ്യുന്നുണ്ട്. ഇപ്രകാരമുള്ള ഉപഭോക്താക്കളിൽ ഒരു വിഭാഗം മാത്രമാണ് ആശുപത്രികൾ എന്നുള്ളതുകൊണ്ട് അവയെ മാത്രമായി ലോഡ് ഷെഡ്ഡിംഗിൽ നിന്ന് ഒഴിവാക്കാൻ സാങ്കേതികമായി സാദ്ധ്യമല്ല.

കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ പദ്ധതി

17 (*198) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ എന്തെങ്കിലും പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിക്ക് ജല വൈദ്യുത പദ്ധതിയേക്കാൾ ഉൽപ്പാദന ചെലവ് കുറവാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്തുകൊണ്ട് കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ലായെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ) ഉണ്ട്.

(ബി) കാറ്റിൽ നിന്നും ഉൽപ്പാദിപ്പിക്കാവുന്ന വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് ജല വൈദ്യുത പദ്ധതിയേക്കാൾ കുറവല്ല.

(സി) ഗവൺമെന്റിന്റെ പാരമ്പര്യേതര ഊർജ്ജ നയപ്രകാരം കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാനായി അനർട്ടിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

വൈദ്യുത പദ്ധതികൾക്കായി ധനസഹായം

18 (*199) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുത പദ്ധതികൾക്കായി വൈദ്യുതി ബോർഡിന് ഈ വർഷം ധനസഹായം ചെയ്യുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഏതെല്ലാം പുതിയ പദ്ധതികൾക്കുവേണ്ടി എന്തു തുക വീതം എന്ന് വിശദമാക്കാമോ ;

(സി) ഈ വർഷവും മുൻ വർഷവും സർക്കാർ ഇലക്ട്രിസിറ്റി ബോർഡിന് പണമായി നൽകിയ മൊത്തം തുക എത്രയാണ് ;

(ഡി) സർക്കാരും ബോർഡും ഇതിനകം നടത്തിയ പ്രഖ്യാപനങ്ങൾ അനുസരിച്ചുള്ള പുതിയ പദ്ധതികൾക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ; വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) ഈ സർക്കാർ പുതുതായി പ്രഖ്യാപിച്ച വൈദ്യുതി ഉൽപ്പാദന പദ്ധതികളിൽ ഇപ്പോഴും നിർമ്മാണം ആരംഭിക്കാൻ സാധിക്കാതെ പോയവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) : സർ,

(എ&ബി) ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാമിൽ (എ.പി.ഡി.ആർ.പി) കേന്ദ്ര സർക്കാരിൽ നിന്ന് ഗ്രാന്റായും വായ്പയായും 2003-2004-ൽ ബോർഡിന് ലഭിക്കുന്ന തുക സംസ്ഥാന സർക്കാർ വഴി ലഭ്യമാക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ വായ്പ ഇനത്തിൽ 26.985 കോടി രൂപയും ഗ്രാന്റ് ഇനത്തിൽ 26.985 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) 2002-2003 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ പദ്ധതികളായ പ്രധാനമന്ത്രിയുടെ ഗ്രാമോദയ യോജന പദ്ധതിയിൽ 5.94 കോടി രൂപയും ആക്സിലറേറ്റഡ് പവർ ഡെവലപ്പ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം (എ.പി.ഡി.ആർ.പി) പദ്ധതിയിൽ 60 കോടി രൂപയും സംസ്ഥാന സർക്കാർ വായ്പയായി 19 കോടി രൂപയും കൂടി മൊത്തം 84.94 കോടി രൂപ സർക്കാരിൽ നിന്നും ബോർഡിന് പണമായി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ഇതുവരെ സർക്കാരിൽ നിന്നും തുകയൊന്നും ബോർഡിന് അനുവദിച്ചിട്ടില്ല.

(ഡി)

1. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി (60 മെഗാവാട്ട്) - 175.86 കോടി രൂപ (1999 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം)
2. തോട്ടിയാർ (70 മെഗാവാട്ട്) - 131.15 കോടി രൂപ (1999 ഷെഡ്യൂൾ ഓഫ് റേറ്റ്)
3. മാങ്കുളം (40 മെഗാവാട്ട്) - 136. 39 കോടി രൂപ (1999 ഷെഡ്യൂൾ ഓഫ് റേറ്റ്)
4. പാത്രക്കടവ് (70 മെഗാവാട്ട്) - 247.06 കോടി രൂപ (1999 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം)
5. എ.പി.ഡി.ആർ.പി. (2002-2005 വർഷങ്ങളിൽ പ്രതീക്ഷിക്കുന്ന ചെലവ്) - 350 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മേൽ സൂചിപ്പിച്ച ആദ്യത്തെ നാലു പദ്ധതികളുടെ ക്ലിയറൻസ് സംബന്ധിച്ച നടപടികൾ നടന്നുവരുന്നതേയുള്ളു.

വാട്ടർ അതോറിറ്റി നൽകുന്ന ബില്ലുകൾ സംബന്ധിച്ച് ലഭിക്കാറുള്ള പരാതികൾ

19 (*200) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ജെ. പൗലോസ്:
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ജോർജ്. ജെ. മാത്യു :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി നൽകുന്ന കുടിവെള്ളത്തിന്റെ ബില്ലുകൾ സംബന്ധിച്ച് ലഭിക്കാറുള്ള പരാതികൾ എന്തെല്ലാമാണ് ;

(ബി) ഈ പരാതികൾ പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(സി) കുടിവെള്ളത്തിന്റെ ബില്ലുകൾ സംബന്ധിച്ച് നൽകുന്ന പരാതികൾക്ക് വേണ്ട പരിഗണന നൽകാതെ വാട്ടർ അതോറിറ്റി തള്ളിക്കളയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇതുമൂലം വെള്ളക്കരം നൽകുവാൻ താമസം വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഈ വിഷയത്തെക്കുറിച്ച് അന്വേഷിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ,

(എ) ഉപയോഗിച്ച വെള്ളത്തിന്റെ അളവ്, ഈടാക്കുന്ന ചാർജ്ജ് എന്നിവ വ്യക്തമായി ബില്ലിൽ കാണിക്കാത്തതുമൂലമുള്ള പരാതികൾ, കുടിശ്ശിക തുകയെക്കുറിച്ചുള്ള പരാതികൾ, കൂടുതലായി അടയ്ക്കേണ്ടി വരുന്ന തുക സംബന്ധിച്ച പരാതികൾ എന്നിവയാണ് ഇക്കാര്യത്തിൽ പൊതുവായി ലഭിക്കാറുള്ളത്.

(ബി) ബില്ലിലെ അവ്യക്തത സംബന്ധിച്ച പരാതികൾ പരിഹരിച്ചുകൊണ്ട് ഉപയോഗിച്ച ജലത്തിന്റെ അളവ്, കാലയളവ്, വെള്ളത്തിന്റെ നിരക്ക്, ഈടാക്കുന്ന സർവ്വീസ് ചാർജ് ഇവ കാണിച്ചുകൊണ്ടുള്ള ബില്ലാണ് ഇപ്പോൾ നൽകുന്നത്. കുടിശ്ശിക ബില്ലു സംബന്ധിച്ച പരാതികളിൽ കൂടുതലായി തുക ഈടാക്കേണ്ടി വരുന്ന സാഹചര്യം ഉപഭോക്താക്കളെ ധരിപ്പിച്ചിട്ടുണ്ട്. വാട്ടർ മീറ്റർ ക്രമാതീതമായി ഓടുന്നതു കാരണം വെള്ളക്കരം വർദ്ധിച്ചതായ പരാതികളിൽ മീറ്റർ പരിശോധിച്ചശേഷം ചാർജിൽ ഭേദഗതി വരുത്തി പുനർ നിർണ്ണയം നടത്താറുണ്ട്. മീറ്റർ കേടുപാടുകൾ തീർത്തു സ്ഥാപിക്കുകയോ പുതിയ മീറ്റർ സ്ഥാപിക്കുകയോ ചെയ്തശേഷം രണ്ടു മാസത്തെ റീഡിംഗ് നോക്കി പുനർ നിർണ്ണയം ചെയ്യുകയും കൂടുതലായി തുക അടച്ചിട്ടുണ്ടെങ്കിൽ അതു തുടർന്നു വരുന്ന ബില്ലിൽ അഡ്ജസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly